©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2016 ഫെബ്രുവരി 1<br>1st February 2016<br>1191 മകരം 18<br>18th Makaram 1191<br>1937 മാഘം 12<br>12th Magha 1937 | നമ്പർ<br>No. 220 |

## കേരള സർക്കാർ

### തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 29069/ഇ1/2013/തൊഴിൽ. *തിരുവനന്തപുരം, 2016 ജനുവരി 21*
*1191 മകരം 7.*

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2008 മേയ് 21-ാം തീയതിയിലെ സ.ഉ. (സാധാരണം) 1379/2008/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2008 മേയ് 29-ാം തീയതിയിലെ 1094-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 565/2008 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട്, കേരള സർക്കാർ, സംസ്ഥാനത്തെ ലൈറ്റ് മോട്ടോർ വെഹിക്കിൾസ് മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക്

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/372/2016/S-6.

നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ സംബന്ധിച്ച് താഴെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്നതനുസരിച്ച് അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ ഇത് പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടുമാസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു. എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## പട്ടിക

| എ. ദിവസവേതനം | പ്രതിദിന അടിസ്ഥാന വേതനം |
|---|---|
| *ഗ്രൂപ്പ് I* | |
| (എ) മിനി ലോറി<br>(ബി) ടെമ്പോ വാൻ (യാത്രക്കാരെയും സാധനങ്ങളെയും കൊണ്ടു പോകുന്നതിന്)<br>(സി) ടില്ലർ (ചരക്ക് വഹിക്കുന്നതിന്)<br>(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈറ്റ് മോട്ടോർ വാഹനങ്ങൾ | ഡ്രൈവർ 450 രൂപ |
| *ഗ്രൂപ്പ് II* | |
| (എ) കാർ (ടാക്സി)<br>(ബി) കാർ, (ടൂറിസ്റ്റ്)<br>(സി) ജീപ്പ് (ടാക്സി)<br>(ഡി) ചരക്ക് കൊണ്ടുപോകുന്ന ആട്ടോറിക്ഷ | ഡ്രൈവർ 450 രൂപ |

*ഗ്രൂപ്പ് III*

| | | |
|---|---|---|
| ആട്ടോറിക്ഷ (യാത്രക്കാരെ കൊണ്ടുപോകുന്നതിന്) | .. | ഡ്രൈവർ 430 രൂപ |

*ഗ്രൂപ്പ് IV*

| | | |
|---|---|---|
| ഗ്രൂപ്പ് I-ലും ഗ്രൂപ്പ് II-ലും ഉൾപ്പെട്ട വാഹനങ്ങളിൽ ജോലിചെയ്യുന്നവർ | .. | ക്ലീനർ 410 രൂപ |

| ബി. മാസശമ്പളം | | പ്രതിമാസ അടിസ്ഥാന ശമ്പളം |
|---|---|---|
| 1. ഓഫീസ് സ്റ്റാഫ് | | |
| *കാറ്റഗറി 1* | | |
| (എ) മാനേജർ/സൂപ്പർവൈസർ | .. | 12,000 രൂപ |
| *കാറ്റഗറി 2* | | |
| (എ) അക്കൗണ്ടന്റ്<br>(ബി) ഹെഡ് ക്ലാർക്ക്<br>(സി) യു. ഡി. ക്ലാർക്ക്<br>(ഡി) കാഷ്യർ<br>(ഇ) സ്റ്റെനോഗ്രാഫർ | | 11,250 രൂപ |
| *കാറ്റഗറി 3* | | |
| (എ) സ്റ്റോർ കീപ്പർ<br>(ബി) എൽ. ഡി. ക്ലാർക്ക്<br>(സി) ടൈപ്പിസ്റ്റ്<br>(ഡി) കമ്പ്യൂട്ടർ ഓപ്പറേറ്റർ | | 10,500 രൂപ |
| *കാറ്റഗറി 4* | | |
| (എ) വാച്ച്മാൻ<br>(ബി) അറ്റൻഡർ<br>(സി) സ്വീപ്പർ | | 9,900 രൂപ |
| *കാറ്റഗറി 5* | | |
| പാർട്ട് ടൈം സ്വീപ്പർ | .. | 7,090 രൂപ |

2. റണ്ണിംഗ് സ്റ്റാഫ്

| | | |
|---|---|---|
| (എ) | ഡ്രൈവർ (ഗ്രൂപ്പ് I-ൽ ഉൾപ്പെടുന്ന വാഹനങ്ങൾ) | .. 11,700 രൂപ |
| (ബി) | ഡ്രൈവർ (ഗ്രൂപ്പ് II-ൽ ഉൾപ്പെടുന്ന വാഹനങ്ങൾ) | .. 11,700 രൂപ |
| (സി) | ആട്ടോറിക്ഷ ഡ്രൈവർ | .. 11,180 രൂപ |
| (ഡി) | ക്ലീനർ (ഗ്രൂപ്പ് I-ലും ഗ്രൂപ്പ് II-ലും ഉൾപ്പെട്ട വാഹനങ്ങൾ) | .. 10,660 രൂപ |

**സി. ക്ഷാമബത്ത**

കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ സീരീസിലുള്ള ഉപഭോക്തൃ വിലസൂചികയുടെ സംസ്ഥാന ശരാശരിയിൽ 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതന വിഭാഗത്തിന് ഒരു രൂപ നിരക്കിലും മാസശമ്പള വിഭാഗത്തിന് 26 രൂപ (ഇരുപത്തി ആറ് രൂപ) നിരക്കിലും മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത നൽകേണ്ടതാണ്.

ഒക്ടോബർ മുതൽ മാർച്ച് മാസം വരെയുള്ള ആറുമാസക്കാലം ക്ഷാമബത്ത നൽകേണ്ടത് ഉപഭോക്തൃ വില സൂചികയുടെ സംസ്ഥാന ശരാശരി അടിസ്ഥാനമാക്കി ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറുമാസ ക്കാലത്തെ സൂചികയുടെ ശരാശരി ഒരു മാസത്തെ സൂചിക കണക്കാക്കിയും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ആറുമാസം ക്ഷാമബത്ത നൽകേണ്ടത് ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ആറ് മാസത്തെ സൂചികയുടെ ശരാശരി ഒരു മാസത്തെ സൂചിക കണക്കാക്കിയും ആണ്.

**ഡി. ദിവസവേതനം കണക്കാക്കൽ**

മുകളിൽ മാസശമ്പളം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗത്തിന് ദിവസവേതനം കണക്കാക്കണമെങ്കിൽ മൊത്തം മാസശമ്പളത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

**ഇ. ഉയർന്ന വേതനം**

മുകളിൽ പറഞ്ഞ അടിസ്ഥാന ശമ്പളം ക്ഷാമബത്ത എന്നിവയേക്കാൾ ഉയർന്ന വേതനമോ, ശമ്പളമോ, ക്ഷാമബത്തയോ, മറ്റേതെങ്കിലും ആനുകൂല്യമോ ഏതെങ്കിലും തൊഴിലാളികൾക്കോ, തൊഴിലാളി വിഭാഗത്തിനോ നൽകിവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന ആനുകൂല്യങ്ങൾ തുടർന്നും നിലനിർത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

# GOVERNMENT OF KERALA

## Labour and Skills (E) Department

## NOTIFICATION

No. 29069/E1/2013/LBR *Dated, Thiruvananthapuram, 21st January, 2016 / 7th Makaram, 1191.*

The following proposal for the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), and in supersession of the notification issued under G. O. (Rt.) No. 1379/2008/LBR dated 21st May, 2008 and published as S.R.O. No. 565/2008 in the Kerala Gazette Extraordinary No. 1094 dated 29th May, 2008, as payable to the employees employed in Light Motor Vehicles sector in the State of Kerala, as specified in the Schedule below, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal in this notification will be taken up for consideration on or after two months from the date of its publication in the Gazette and the objections and suggestions, if any, that may be received from any person with respect to the said proposals on or before the date specified above will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram-695 001.

### SCHEDULE

| **A. Daily Wage** | | *Basic pay per day* |
|---|---|---|
| *Group I* | | |
| (a) Mini Lorry<br>(b) Tempo Van (For carrying goods and passengers)<br>(c) Tiller (for carrying goods)<br>(d) Light motor vehicles of Educational Institutions | Driver | ₹ 450 |

| | | Basic pay per day |
|---|---|---|
| *Group II* | | |
| (a) Car (Taxi)<br>(b) Car (Tourist)<br>(c) Jeep (Taxi)<br>(d) Autorikshaw for carrying goods | Driver | ₹ 450 |
| *Group III* | | |
| Autorikshaw (for carrying Passengers) .. | Driver | ₹ 430 |
| *Group IV* | | |
| Those who are working in the vehicles .. included in Group I and II | Cleaner | ₹ 410 |

**B. Monthly Salary**

| | Basic salary per month |
|---|---|
| 1. Office Staff | |
| *Category—1* | |
| Manager/Supervisor .. | ₹ 12,000 |
| *Category—2* | |
| (a) Accountant<br>(b) Head Clerk<br>(c) U. D. Clerk<br>(d) Cashier<br>(e) Stenographer | ₹ 11,250 |
| *Category—3* | |
| (a) Store Keeper<br>(b) L. D. Clerk<br>(c) Typist<br>(d) Computer Operator | ₹ 10,500 |
| *Category—4* | |
| (a) Watchman<br>(b) Attender<br>(c) Sweeper | ₹ 9,900 |
| *Category—5* | |
| Part-Time Sweeper .. | ₹ 7,090 |

2. Running Staff

(a) Driver (in vehicles included under group I) .. ₹ 11,700

(b) Driver (in vehicles included under group II) .. ₹ 11,700

(c) Autorikshaw Driver .. ₹ 11,180

(d) Cleaner (in vehicles included under group I and II) .. ₹ 10,660

## C. Dearness Allowance

Variable Dearness Allowance at the rate of **Re. 1 (One rupee** only) to the category of Daily waged and at the rate of **₹ 26 (Rupees** Twenty six only) to the monthly salaried category shall be given for the increase of each one point above 250 points of the new series of average Consumer Price Index Number 1998-99=100 being published district wise by the Economic and Statistics Department of Government of Kerala.

Dearness Allowance payable for six months from the month of October to March will be the average index of one month calculated from the index based on the average State Consumer Price Index of six months from the month of April to September and Dearness Allowance payable for six months from the month of April to September will be the average index of one month calculated from the index of six months from October to March.

## D. Calculation of Daily Wages

If daily wage has to be calculated to any of the monthly salary fixed category mentioned above, calculation shall be done by dividing the total monthly salary by 26.

**E. Higher Wage**

If any employer, category of employees are in receipt of Wage, Salary, Dearness Allowance or any other benefits higher than the above said Basic Pay, Salary, Dearness Allowance, they shall continue to receive such higher benefits.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*